**കേരളസർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ്- നഗരഗ്രാമാസൂത്രണ വകുപ്പിലെ ഡെപ്യൂട്ടി ടൗൺ പ്ളാനറായ ശ്രീമതി രാജി എസ്.എസ് - ന്റെ ഡെപ്യൂട്ടി ടൗൺ പ്ളാനർ തസ്തികയിലെ നിരീക്ഷണ കാലം പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇയു)വകുപ്പ്**

**സ.ഉ(സാധ) നം.1309/2019/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം 26/06/2019**

---

പരാമർശം:- 1. മുഖ്യനഗരാസൂത്രകയുടെ 02.04.2019 ലെ TCPCTP/44/2019/A3 നമ്പർ കത്ത്.

2. അക്കൗണ്ടന്റ് ജനറൽ (എ&ഇ)യുടെ 01.02.2019 ലെ ജി.ഇ 11/2390 നമ്പർ കത്ത്.

**ഉത്തരവ്**

നഗരഗ്രാമാസൂത്രണ വകുപ്പിൽ ഡെപ്യൂട്ടി ടൗൺ പ്ളാനർ തസ്തികയിൽ സ്ഥാനക്കയറ്റം ലഭിച്ച് 25.05.2018 പൂർവ്വാഹ്നത്തിൽ സേവനത്തിൽ പ്രവേശിച്ച ശ്രീമതി രാജി എസ്.എസ് എന്ന ജീവനക്കാരിയുടെ ടി തസ്തികയിലെ നിരീക്ഷണ കാലയളവായ തുടർച്ചയായ ഒരു വർഷത്തിൽ 6 മാസത്തെ സേവനം 24.11.2018 അപരാഹ്നത്തിൽ പൂർത്തിയായിട്ടുള്ളതായും നിരീക്ഷണ കാലയളവിലെ ടിയാളുടെ ജോലിയും സ്വഭാവവും തൃപ്തികരമാണെന്നും ആയതിനാൽ ടിയാളുടെ നിരീക്ഷണകാലം വിജയകരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്നും മുഖ്യ നഗരാസൂത്രക അപേക്ഷിച്ചിരുന്നു.

ടിയാൾ നിരീക്ഷണ കാലയളവിനെ ബാധിക്കുന്ന അവധികൾ എടുത്തിയിട്ടില്ലായെന്ന് അക്കൗണ്ടന്റ് ജനറൽ പരാമർശം 2 പ്രകാരം അറിയിച്ചിട്ടുണ്ട്.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ശ്രീമതി രാജി എസ്.എസ് എന്ന ജീവനക്കാരിയുടെ ഡെപ്യൂട്ടി ടൗൺ പ്ളാനർ തസ്തികയിലെ നിരീക്ഷണ കാലം, കെ . എസ് .& എസ് . എസ് . ആർ ചട്ടം 20 ( ബി ) പ്രകാരം 25.11.2018 തീയതി പൂർവാഹ്നം പ്രാബല്യത്തിൽ വിജയകരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം.**
**ജെയ്സി പോൾ**
**അണ്ടർ സെക്രട്ടറി**

മുഖ്യനഗരാസൂത്രകൻ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം.
ശ്രീമതി രാജി എസ്.എസ്, ഡെപ്യൂട്ടി ടൗൺപ്ളാനർ,
നഗരഗ്രാമാസൂത്രണ വകുപ്പ്. (മുഖ്യനഗരാസൂത്രകൻ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ